LITTLEKITEs

# ജലം 24

DIGITAL MAGAZINE

little KITEs

## ജി.എച്ച്.എസ്.എസ്. ഇരുമ്പുഴി

# ദലം

## ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

# ജി.എച്ച്.എസ്.എസ് ഇരുമ്പുഴി



മലപ്പുറം സബ്ജില്ല, പി.ഒ. ഇരുമ്പുഴി. പിൻ: 676509
ജിമെയിൽ : ghssirumbuzhi@gmail.com
ഫോൺ : 0483 2949307

## പത്രാധിപ സമിതി

**ചീഫ് എഡിറ്റർ**
ഇ.എൻ. ഷീജ

**എഡിറ്റർമാർ**
മധുസൂദനൻ കെ
നിഷ. കെ.പി
സീജി. പി.കെ
അബ്ദുൽ ലത്തീഫ് സി.കെ

## ഉപദേശക സമിതി

ശശികുമാർ കെ. (ഹെഡ്മാസ്റ്റർ)
ബഷീർ കെ പി. (പി.ടി.എ. പ്രസിഡണ്ട്)
മാത്യു പി ഡി (സീനിയർ അസിസ്റ്റന്റ്)
ഉണ്ണികൃഷ്ണൻ വി.എം.
(ജെ.എസ്.ഐ.ടി.സി.)
അബ്ദുൽ മുനീർ (സ്റ്റാഫ് സെക്രട്ടറി)

## സ്റ്റുഡന്റ് എഡിറ്റർമാർ

മിൻഹ റവാൻ എ.കെ
റിയ പി
മിൻഹ പി കെ
ഷഹ്മ ഫാത്തിമ സി കെ
ഹിബ ഫാത്തിമ കെ പി
അജ്‌വ എ കെ

## ചിത്രങ്ങൾ

അതുല്യ എം
സുധീഷ്ണ കെ
അഭിജിത്ത് എം.എസ്
ഫാത്തിമ ദിൽന എം
അനുരാഗ് ടി
അനാമിക ഒ.പി.
ആദ്ര ടി
മിൻഷ എ
ഫാത്തിമ റിൻഷ

കവർ : അതുല്യ എം

# സന്ദേശം



സ്കൂളിലെ ഐ.ടി. പഠനത്തിന്റെ ഭാഗമായി ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നു. കുട്ടികളിൽനിന്നും അധ്യാപകരിൽനിന്നും രചനകൾ സമാഹരിച്ച് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയ **ദലം ഡിജിറ്റൽ മാഗസിൻ** ഏറെ ഗുണം ചെയ്യും. കുട്ടികൾക്ക് സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാനുള്ള ഒരവസരമായി ഇതിനെ കാണാം.

രചനകൾ നൽകി മാഗസിനെ സമ്പുഷ്ടമാക്കിയകുട്ടികൾ, അധ്യാപകർ,  ഇത് തയ്യാറാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ എന്നിവർക്കും, ദലം ഡിജിറ്റൽ മാഗസിനും ആശംസകൾ നേരുന്നു.

**ശശികുമാർ കെ**
(ഹെഡ്മാസ്റ്റർ)

# പത്രാധിപക്കുറിപ്പ്

മുതിർന്നവർ നോക്കിക്കാണുന്നതുപോലെയല്ല കുട്ടികൾ ഈ ലോകത്തെ നോക്കിക്കാണുന്നത്.കുട്ടികളുടെ കാഴ്ചകൾ വ്യത്യസ്തമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഈ കാലത്തും കുഞ്ഞുങ്ങളുടെ ഭാവനയ്ക്ക് അതിരുകളില്ല. അവരുടെ മനസ്സ് ചിറകടിച്ചു പറന്നു കൊണ്ടേയിരിക്കും.അതുകൊണ്ടുതന്നെ കാലമെത്ര മുന്നോട്ടു പോയാലും കുഞ്ഞു മനസ്സുകളിൽ നിന്ന് അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും കഥയായും കവിതയായും ലേഖനമായും ഒഴുകി വന്നുകൊണ്ടേയിരിക്കും.

വിവരസാങ്കേതികവിദ്യയെ ഭയമില്ലാതെ നോക്കിക്കാണുകയും സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതും കുട്ടികളാണ്. കൃത്യമായ ഗൈഡൻസും നിരന്തരപരിശീലനവും ലഭിച്ചാൽ വിവരസാങ്കേതികവിദ്യയുപയോഗിച്ച് അവർക്ക് അദ്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നതിന്റെ ഉദാഹരണമാണ് ഇരുമ്പുഴി ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ.

കയ്യെഴുത്തു മാഗസിനുകളിൽ നിന്ന് ഡിജിറ്റൽ മാഗസിനിലേക്കുള്ള മാറ്റം വലിയ വലിയ സാധ്യതകളെയാണ് തുറന്നു വയ്ക്കുന്നത്. ഈ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ ഈ വർഷവും നമ്മുടെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. സ്കൂളിൽ നിന്ന് സമാഹരിച്ച സർഗ്ഗസൃഷ്ടികളെ കൂടുതൽ ഉജ്ജ്വലമാക്കി മാറ്റിയിരിക്കുകയാണ് ഞങ്ങളുടെ കുഞ്ഞുപട്ടങ്ങൾ. അങ്ങനെ ഇതൾവിരിഞ്ഞുണ്ടായതാണ് **ദലം ഡിജിറ്റൽ മാഗസിൻ.**

വിവരസാങ്കേതിക വിദ്യയെ മനോഹരമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഞങ്ങളുടെ കുഞ്ഞുപട്ടങ്ങൾ തയ്യാറാക്കിയ ദലം ഡിജിറ്റൽ മാഗസിൻ അവരുടെ സ്വപ്നങ്ങളെ തന്നെയാണ് പ്രതിഫലിപ്പിക്കുന്നത്.


സ്വന്തം ചിന്തകളെ സ്വപ്നങ്ങളെ, പ്രതീക്ഷകളെ ആവിഷ്കരിക്കാനും സന്തോഷമായി ജീവിക്കാനും ലോകത്തുള്ള എല്ലാ കുഞ്ഞുങ്ങൾക്കും അവകാശമുണ്ട്. അധികാരക്കൊതിയുടെയും യുദ്ധക്കൊതിയുടെയും ഫലമായി പൊലിഞ്ഞു പോയ കുഞ്ഞുങ്ങൾക്കായി, യുദ്ധഭീകരതയ്ക്കു മുന്നിൽ ഭയന്നു ജീവിക്കുന്ന കുഞ്ഞുങ്ങൾക്കായി ഈ മാഗസിൻ ഞങ്ങൾ സമർപ്പിക്കുന്നു.

**ചീഫ് എഡിറ്റർ**

# താളുകളിൽ

| | |
|---|---|
| ജനുവരിയിലെ പുതുവസന്തം | 7 |
| അവ്യക്തം | 8 |
| ലഹരി വേണ്ട | 9 |
| അവൾ | 10 |
| കുട്ടിക്കവിതകൾ | 14 |
| പട്ടം പറത്തുന്നവർ | 15 |
| LIFE STYLE AT YOUR FINGERTIP | 19 |
| പിഴച്ചതെന്ത് ? | 20 |
| കലാലയ അനുഭവം | 21 |
| ഹൈക്കു കവിതകൾ | 22 |
| സ്വപ്നം തന്നെ നേട്ടം | 23 |
| വായന | 24 |
| ഉപസംഹാരം | 25 |

കവിത




ബിൻദിയ

## ജനുവരിയിലെ പുതുവത്സരം

വിലമതിക്കാനാവാത്ത ക്ഷേത്രങ്ങളും
പ്രതിമകളും ഉയർന്നപ്പോൾ
വേനലിന്റെ വിയർപ്പു തുള്ളികളിൽ
കുടി നീരിനായ് ചിലർ നിശബ്ദരായ് നിന്നു.

ഭാരതമെന്ന പേർ കേട്ടാൽ -
അപമാനമാകും വിധം
ദളിതരും സ്ത്രീകളും സമത്വമെന്നത് -
സ്വപ്നം കണ്ട് വിലപിക്കുന്നു.

ഗാസയിലെ മണൽത്തരികളിൽ
പറ്റിപിടിച്ച ചോരത്തുള്ളികൾ
ലോകത്തിനു നേരെ
കാർക്കിച്ചു തുപ്പുന്നു.

ജനുവരിയിലെ പുതുവത്സരം
ഇങ്ങനെയത്രേ..
നിറം പകരാത്ത സ്വപ്നങ്ങളുമായി
ജീവിക്കുന്ന കണ്ണുകളത്രേ..

കവിത



നിഷ

## അവ്യക്തം

മങ്ങിയതെങ്കിലും നിറമാർന്ന ചിറകുമായ്
ഒരു ശലഭം പറന്നുയരുമ്പോൾ,
സർവവും നഷ്ടപ്പെട്ട ദുഃഖിതരുടെ ഇടയിൽ നിന്ന്
പ്രതീക്ഷയുടെ ഒരു കുഞ്ഞു ചിരി;
കണ്ണിൽ പുതുമയുടെ ഒരു നേർത്ത തിളക്കം.
ചെറു ചിരികൾ ......

ആ സ്വപ്നത്തിൽ  ഉറവയെടുത്ത ആശ്വാസം,
വായു, പുക നിറഞ്ഞതല്ലായിരുന്നെങ്കിൽ...
കാതടപ്പിക്കുന്ന ശബ്ദം നിലച്ചിരുന്നെങ്കിൽ...
തളം കെട്ടി നിൽക്കുന്ന മനുഷ്യരക്തം,
കണ്ണുകളിൽ തീർത്ത തിമിരപ്പടർപ്പുകൾ
ഭേദപ്പെട്ടെങ്കിൽ...
രൂപമില്ലാത്ത പടങ്ങൾക്ക് നിറങ്ങൾ
കൈവന്നിരുന്നെങ്കിൽ...

വിശപ്പിന്റെ നിലവിളികൾക്ക് ഒടുക്കമായെങ്കിൽ,
സ്വപ്നങ്ങൾക്ക് വീണ്ടും ചിറകുമുളച്ചെങ്കിൽ,
ഇത്രയും, ഇത്രയുമെങ്കിലും ആയിരുന്നെങ്കിൽ,
ജീവിതം പിന്നെയും, പിന്നെയും
എത്ര സുന്ദരമായേനെ!!

കവിത

# ലഹരി വേണ്ട




ഉണ്ണിക്കിടാങ്ങളെ ഒന്നു നോക്കൂ...
ഉയിരെടുക്കും ചതി കണ്ടറിഞ്ഞോ...
നല്ലതായ് തോന്നി രുചിച്ചുവെങ്കിൽ
ഉള്ളിലും ഗതി  വേറെയാകും
നമ്മളെ നമ്മൾക്കു നഷ്ടമാകും...

അകലട്ടെ ലഹരിതൻ വികലലോകം
ഉണരട്ടെ ബാല്യവും നിറയട്ടെ മൂല്യവും
ഉലകിൽ ഉയർന്നു പറന്നിടുവാൻ,
വീടിനും നാടിനും തുണയാകുവാൻ,
തളിരെല്ലാം വളരണം തണലാകണം.
നാളെയും ഭംഗികൾ കളിയാടണം
ഉള്ളുറപ്പോടെ പ്രതിജ്ഞ ചെയ്യാം
പാഴ്വഴിയെ പോകില്ലെന്നൊരുനാളും നാം.


ഷഹ്മ  8 സി

## കഥ

**ഫാത്തിമ സുഹ്റ**

അകത്ത് കഞ്ഞിക്കലം കാലിയാണെങ്കിലും അഭിമാനിതന്നെയാണ് പാത്തു.നിത്യവൃത്തിക്ക് കഷ്ടപെടുന്നവളെന്ന് തന്നെക്കണ്ടാൽ ഒറ്റനോട്ടത്തിൽ ആരും പറയരുതെന്ന നിർബന്ധം അവൾക്കുഉള്ളതിനാൽ ചത്ത് കിടന്നാലും ചമഞ്ഞായിരിക്കാൻ ചെയ്യുന്ന ഓരോ കൃത്യങ്ങളിലും അവൾ ശീലിച്ചു.

കൗമാരത്തിന്റെ ഒന്നാം നിരയിൽ തന്നെ ഉമ്മയായ അവൾക്ക് ഉപ്പയില്ലാത്തൊരു പെൺകുഞ്ഞിനെ ഒറ്റയ്ക്ക് പോറ്റേണ്ട വഴി പെട്ടെന്ന് പഠിക്കേണ്ടിവന്നു.



വേണ്ടപ്പെട്ടവരുടെ ഒറ്റപ്പെടുത്തലുകളും നാട്ടുകാരുടെ പഴിയും മാത്രം പരിചിതമായൊരു കാലം. പാതിവഴിയിൽ മുടക്കം വന്ന തന്റെ പഠനം, നടക്കാത്ത സ്വപ്നങ്ങളുടെ ഇരുളറയിൽ ഇടംപിടിച്ചു. എരിഞ്ഞുപുകയുന്ന അനുഭവസത്യങ്ങൾക്ക് മുകളിൽ ഒഴിക്കാനായി ആവശ്യത്തിന് തണുത്ത ഒരു വാക്കുപോലും ആരിൽ നിന്നും പ്രതീക്ഷിക്കാൻ ഇല്ലാത്തവളായിരുന്നു അവൾ.

പട്ടിണിയാണേലും പെണ്ണിനു വലിയ ഹുങ്കാണെന്ന പുറമേയുള്ള സംസാരം കാതിലെപ്പോഴും പറന്നെത്തി. തന്റെ ആദ്യ കല്ല്യാണത്തിന് നാട്ടുകാരും


മാറ്റാരോക്കെയോ പിരിച്ചെടുത്തു തന്ന ആഭരണം വിറ്റാണെങ്കിലും എനിക്ക് തുടർന്ന് പഠിക്കണമെന്ന അവളുടെ ശാഠ്യം കാരണം വീട്ടുകാർക്കു അവളൊയൊരു തന്നിഷ്ടകാരിയായി മുദ്രകുത്തി. ശേഷം ഉറ്റവരുടെയും നാട്ടുകാരുടെയും മാറ്റിനിർത്തലുകളും കുറ്റപ്പെടുത്തലുകളും അവളെ നോക്കി കൊഞ്ഞനം കുത്തുമ്പോൾ അതിനു നേരെ പുഞ്ചിരിച്ച് പകരം വീട്ടലാണ് ഒന്നാന്തരം അഭിമാനമെന്ന് വിശ്വസിക്കാനായിരുന്നു അവൾക്കിഷ്ടം.

അല്ല എന്താ ഇവരൊക്കെ വിചാരം.ഞാൻ ഒന്ന് പഠിക്കണം എന്നല്ലേ പറഞ്ഞുള്ളൂ ഒരു കുട്ടിയുള്ളോർക്ക് എന്താ പഠിക്കാൻ പറ്റില്ലെന്നുണ്ടോ?

ഉമ്മാനെ കൊണ്ട് ചിലപ്പോൾ പറ്റണുണ്ടാവില്ല ശരിയാണ് അതിന് ഞാൻ കുറ്റവും പറീണില്ല്യ. കുഞ്ഞാം മാപ്ലേടെ പാടത്തെ പണിയെടുത്ത്

കുടുംബം നോക്കലും എന്നെ പഠിപ്പിക്കലുമെല്ലാം നടക്കില്ല എന്നെനിക്കറിയാം.
 അതുകൊണ്ട് എന്റെ ആഭരണം വിറ്റ് പഠിക്കാൻ ആണല്ലോ ഞാൻ പറയുന്നത് അതിനെന്താ ഇവർക്ക് സമ്മതിച്ചാല്.

ഇങ്ങനെ  ചൊറിയുന്ന ഒരുപാട് ചോദ്യങ്ങൾക്കെല്ലാം ഉത്തരം കാണണമെന്ന് മനസ്സിന് വല്ലാത്ത നിർബന്ധം.
അക്കാലത്ത് പാത്തുവിന്റെ ഏക ആശ്വാസം ആത്മീയതയിൽ  നിർവൃതിയടങ്ങലായിരുന്നു.
അങ്ങനെയൊരു ഉച്ചയ്ക്ക് മുൻപുള്ള ളുഹാ സുന്നത്ത് നമസ്കാരവും കഴിഞ്ഞ് ആ പായയിൽനിന്ന് എണീക്കാതെ ഫർളിനെ കാത്തിരിക്കുന്ന



ഇടവേളയിലാണ് ഉത്തരം കിട്ടാതെ മുള്ളുകോറുന്ന കുറേ ചോദ്യങ്ങൾ വിരുന്നെത്തുന്നത്.

എന്തായാലും തനിക്ക് പ്രിയപ്പെട്ട തന്നെയും ഏറെ പ്രിയപ്പെട്ടവളായി കാണുന്ന ശോഭ ടീച്ചറെ പോയെന്ന് കാണണം  പാത്തു മനസ്സിൽ ഉറപ്പിച്ചു. പെരുമണ്ണിലെ ചെമ്മൺ റോഡിൽ നിന്നും പന്തല്ലൂരിലേക്ക് പോകുന്ന പാത മുറിച്ചുകടന്ന് കോളനി റോഡിനു നേരെയൊന്നു  നീളെ നടന്ന് പിന്നെയൊരു കുന്നു കേറിയാൽ ശോഭ ടീച്ചറുടെ അംഗൻവാടിയുടെ മൂർദ്ധാവ് കാണാം.

ടീച്ചർക്ക് പാത്തുവിനെ പെരുത്ത് ഇഷ്ടമാണ് കാരണം അവൾ ഇടകൊക്കെയും ചാർട്ടില് ചിത്രങ്ങളൊക്കെ വരച്ച് നമ്പേഴ്സെഴുതി ചുമരിൽ കെട്ടി തൂക്കാൻ ടീച്ചർക്ക് കൊണ്ട് കൊടുക്കാറുണ്ട് അക്ഷരങ്ങളെയും അക്കങ്ങളെയും വീണ്ടും എഴുതാനുള്ള കൊതിക്ക് അതൊരു അല്പം ശമനം നൽകും.

 അങ്ങനെ ടീച്ചറെ കാണാൻ നടന്നു നീങ്ങുന്ന വഴിയിൽ ഇടതുവശത്തെ കുന്നിനു മുകളിൽ തന്റെ ബാല്യകാല സുഹൃത്തും സഹപാഠിയുമായ അരുണിനെ കണ്ടു. അവൻ ഒരു മുക്കാൽ ട്രൗസറുമിട്ട് ഷട്ടിലും,ബാറ്റും കൈയിൽക്കരുതി താഴെ വീട്ടിലെ ജയേഷിനെ കളിക്കാൻ അന്വേഷിച്ചിറങ്ങിയതാണ്. തന്നെ കണ്ടപ്പോൾ പണ്ടത്തെ ഓർമ്മയിൽ നീ വരുന്നോടി പാത്തു കളിക്കാനെന്ന് ചോദിക്കുന്നതായി അവൾക്ക് തോന്നി.അവൻ ആ നേരം
 ഒക്കത്തിരിക്കുന്ന കൈക്കുഞ്ഞിനെ നോക്കി അവളുടെ നെറ്റിയിലേക്ക് വീണുകിടന്ന ചുരുണ്ട മുടിയൊന്ന് നീട്ടിപിടിച്ച് എടി കുഞ്ഞിപാത്തൂന്ന് വിളിച്ച് ചിരിച്ചുകൊണ്ട് കൗമാരം തുളുമ്പുന്ന കുസൃതിയിൽ അവൻ ഓടിപോയി.

ഒരുമിച്ച് കളിച്ച് ഒരുമിച്ച് പഠിച്ച ഞങ്ങൾ അവൻ ഇന്നും കളിക്കുന്നു ഞാൻ പ്രാരാബ്ധങ്ങളിൽ നീന്തിത്തുടിക്കുന്നു.
 പടച്ചോനെ നിന്റെ ഓരോ കാട്ടിക്കൂട്ടലുകളിലുള്ള കുസൃതികൾ, എന്നവൾ പരിഭവിച്ചു.

അംഗൻവാടിയുടെ സമീപത്ത് എത്തിയപ്പോൾ മതിലിനു ചാരി ടീച്ചറുടെ വെള്ളനിറത്തിലുള്ള സ്കൂട്ടി നിർത്തിയിട്ടത് കണ്ടപ്പോൾ വല്ലാത്തൊരു ആനന്ദം തോന്നി. പതിയെ നടന്ന് അംഗൻവാടിയുടെ റൂമിലേക്ക് എത്തിനോക്കി.പക്ഷേ അവിടെ ടീച്ചറുടെ തലയൊന്നും കണ്ടില്ല ഉടനെ തൊട്ടപ്പുറത്ത് അടുക്കളയിലേക്ക് ഒന്നു കണ്ണോടിച്ചു.

ഹാവൂ ആശ്വാസം ടീച്ചർ അവിടെയുണ്ട്. തന്നെക്കണ്ട പുതുമയിൽ
 വെളുത്തു തുടുത്ത മുഖത്ത് പുഞ്ചിരി വിടർത്തി  പ്രസന്നതയോടെ

ആ..പാത്തു കുറെ ആയല്ലോ കണ്ടിട്ട്.ഇന്ന് ഹെൽപ്പർ ലീവ് ആണ് അതുകൊണ്ട് അടുക്കളയിലും വേണമെന്നറിച്ചു.

ഞാനിതു കഴിഞ്ഞിപ്പൊ വരാം എന്നും പറഞ്ഞ് വരാന്തയിൽ ഒഴിഞ്ഞു കിടക്കുന്ന ആ ബെഞ്ചിലേക്ക് ചൂണ്ടി. നീ അവിടെ ഇരിക്ക് എന്നാജ്ഞാപിച്ചു.

കുറച്ചു സമയത്തിനുശേഷം ടീച്ചർ അവളുടെ അടുത്ത് ചെന്നിരുന്നു എന്തൊക്കെ വിശേഷങ്ങൾ എന്ന് തിരക്കി.

എന്തോ അവൾക്ക് ടീച്ചറോട് കാര്യങ്ങൾ പറയുന്നതിൽ അല്പം പോലും മടിയൊന്നും വരാറില്ല. അവൾ പറഞ്ഞ് തുടങ്ങി ഞാനിപ്പോ വന്നത് എനിക്കൊരു സഹായം വേണമായിരുന്നു. അതിനെന്താ പാത്തു ചോദിച്ചോ ടീച്ചറെ എനിക്ക് പഠിക്കാൻ പോകണം.പൈസ ഒന്നും ആരും തരേണ്ട എന്റെ പണ്ടം വിറ്റായാലും മതി. എനിക്കൊരു ടീച്ചർ ആവണം ചെറുതിലെ മനസ്സിന്റെ തോന്നലാണത്. മുൻപിലുള്ള തടസ്സങ്ങളെ കുറിച്ചൊന്നും ഞാനിപ്പോൾ ചിന്തിക്കുന്നില്ല. അല്ലെങ്കിൽ തന്നെയിപ്പോ എന്താണ് തടസ്സം? ആർക്കാണ് തടസ്സം? തൂപ്പു ക്കാരിയുടെ മകൾ കുട്ട്യോളെ പഠിപ്പിച്ചാലെന്താ അക്ഷരങ്ങള് ഉതിർന്നു വീഴോ? കാര്യം എന്തൊക്കെ ആണെങ്കിലും ആര് കൂടെയില്ലെങ്കിലും എന്റെ തീരുമാനത്തിൽ മാറ്റമില്ല.

ഓലവീട്ടിലാണ് താമസമെങ്കിലും മറ്റുള്ളവരെ പോലെ തന്നെ ഉണർന്നിരുന്ന് നിറമുള്ള സ്വപ്നങ്ങൾ കാണാനും, കവിഞ്ഞൊഴുകുന്ന പുഴയും തോടു അറിയാനും, വിടർനിൽക്കുന്ന പുഷ്പദള ങ്ങളും, കാറ്റിലാടുന്ന ഇലകളും, വിളവെടുപ്പിനായ വയലും, കർഷകരുടെ ചുണ്ടിലെ വടക്കൻ പാട്ടിന്റെ ഈണവും താളവും എല്ലാം നന്നായിട്ട് വായിക്കാൻ എനിക്കറിയാം. അപ്പോൾ പിന്നെ എന്റെ മുൻപ്പിലിരിക്കുന്ന കുട്ടികളുടെ ഓരോ ചലനവും ഞാൻ അറിയും.

പാത്തൂന്റെ വാക്കുകൾ കേട്ട് ടീച്ചറുടെ കണ്ണുകൾ വിസ്മയി ച്ചു. ടീച്ചർക്ക് ഏറെ സന്തോഷമായി. ആ മനസ്സിൽ മഴവില്ല് തെളിഞ്ഞതും അവൾ കണ്ടു.

ടീച്ചർ അവളുടെ കണ്ണിൽ തെളിഞ്ഞ ജീവിതപോരാട്ടത്തിന്റെ വീര്യം മനസ്സിലാക്കി.മുൻപ് കാണുമ്പോൾ അവൾ പറഞ്ഞിരുന്ന ആദ്യഭർത്താവിന്റെ നിഴലിക്കുന്ന ഓർമകളിൽ നിന്നും അവളിലൊരു പുതിയ സൂര്യൻ ഉദിച്ചിരിക്കുന്നത് അവർ വായിച്ചെടുത്തു. അവളുടെ മനസ്സിൽ വരച്ചിട്ട അതിജീവന രേഖകൾക്കൊരു നിറം പകരാൻ തനിക്ക് പറ്റണമെന്ന് ടീച്ചറും നിശ്ചയിച്ചു. കാര്യങ്ങൾ നീ ഉദ്ദേശിച്ചപോലെ നടക്കട്ടെ കൂടെ ഞാൻ ഉണ്ട്. ദൈവം നിന്നെ കാണുമെന്ന് ടീച്ചർ കൂട്ടി ചേർത്തു.

അതിന് കുട്ടിയെ നോക്കാൻ ആളില്ല ടീച്ചറെ.ആർക്കും ഞാൻ പഠിക്കാൻ പോണത് ഇഷ്ടല്ല. നാട്ടുകാരിൽ നിന്ന് ചിലരിലെ സംസാരം പോലും ഉമ്മാന്റെ കൂടെ പാടത്തേക്ക് പണിക്കിറങ്ങാനാണ്. കാര്യസ്ഥരുടെ മക്കളൊക്കെ പഠിക്കുന്നത് ചിലർക്കെങ്കിലും പുച്ഛമാണ്. അല്ലാത്തവർ ചിലരൊക്കെ പറയുന്നു ഏതെങ്കിലും കടയിൽ പോയി നിൽക്കാൻ.
എന്നെക്കൊണ്ടൊന്നും പറ്റില്ല ടീച്ചറെ... കുട്ടിയെക്കൊണ്ട് കെട്ടിത്തൂങ്ങി ചാവേണ്ടി വന്നാലും എനിക്ക് പറ്റാത്ത പണിയൊന്നും ചെയ്യാൻ എന്നെ കിട്ടില്ല. അല്ല പിന്നെ പറയുന്നവരങ്ങനെ ഇഷ്ടമുള്ളത് പറയട്ടെ. ഇതും പറഞ്ഞ് പാത്തു ചിരിച്ചു എങ്കിലും ടീച്ചറുടെ കണ്ണുകൾ ഇറനണിഞ്ഞു. അവർ അവളെ ചേർത്തുപിടിച്ചു ഒരു ചോദ്യം ചോദിച്ചു അന്റെ കുട്ടിക്ക് മൂന്നു വയസ്സായോ? ഇല്ല. രണ്ടര.
സാരല്ല ഒരു കാര്യം ചെയ്യ് നാളെ മുതൽ കുട്ടിയെ ഇവിടെ കൊണ്ടുവന്നിരുത്തിക്കോളൂ . അവളെ സ്കൂളിലേക്ക് വിടാൻ ആകും വരെ ഞാൻ നോക്കിക്കോളാം.

ടീച്ചറിന്റെ ആ വാക്കുകൾ കേട്ട് പാത്തുവിന്റെ മനസ്സിന് വേവലാതികളിൽ നിന്ന് സ്വാതന്ത്ര്യം കിട്ടി. പച്ച പകലിൽ ദൈവത്തെ നേരിൽ കണ്ട പാത്തുവിൽ അപ്പോൾ ഉണ്ടായ വികാരത്തിന്റെ പേര്

അറിയാതെ പോയി. കറുപ്പും മഞ്ഞയും കൂടി കലർന്ന വള്ളിചെടികൾ പടർന്നതുപോലെ പോലെയുള്ള ചിത്രങ്ങൾ ടീച്ചറുടെ സാരിയിൽ തെളിഞ്ഞു പോലെ ആ അമ്മ വാത്സല്യത്താൽ അവളുടെ മനസ്സിലും ചില ജീവിതത്തിന്റെ വിജയ ചിത്രങ്ങൾ തെളിഞ്ഞു

അമ്മയല്ല ദൈവമാണെനിക്ക് ടീച്ചർ.നാളിതുവരെ ഞാൻ തിരഞ്ഞു നടന്ന നീതിമാനായ ദൈവത്തിന്റെ പ്രതിരൂപം. അതങ്ങനെ ആവാനേ വഴിയുള്ളൂ. ഭക്തി നിർഭരങ്ങളായ സ്തോത്രങ്ങൾ കൊണ്ട് ഭഗവദ്ഭക്തന്മാരെ പുളകമണിയിച്ച ഗുരുവായൂരപ്പന്റെ ഭക്തരിൽ അഗ്രഗണ്യനായ പൂന്താനത്തിന്റെ നാട്ടുകാരി ശോഭ ടീച്ചർക്ക് ദൈവമാകാനേ സാധിക്കുകയുള്ളൂ എന്ന ചിന്ത പാത്തുവിന്റെ മനസ്സിനെയും പുളകമണിയിച്ചു.

അടുത്ത ദിവസം മുതൽ തന്റെ രണ്ടരവയസ്സുകാരി ടീച്ചറുടെ വാത്സല്യ ചൂടറിഞ്ഞു വളർന്നു.മോളെ അവിടെയാക്കി പഠിക്കാൻ പോകുമ്പോൾ പാത്തുവിന്റെ മനസ്സിൽ വലിയ ആശ്വാസം തോന്നി. ഉച്ചയ്ക്ക് പല കുട്ടികളും പല വീടുകളിൽ നിന്നും എത്തിച്ച കൂട്ടു കഷ്ണങ്ങൾക്കൊണ്ടുള്ള സാമ്പാറും വൈകീട്ട് കിട്ടുന്ന ഗോതമ്പ് ഉപ്പുമാവും പല ചോദ്യങ്ങൾക്കുമുള്ള ഉത്തരമായിരുന്നു.

അങ്ങിനെ രണ്ടു വർഷത്തിന് ശേഷം ടി ടി സി കയ്യിലാക്കിയ പാത്തുവിന്റെ ഇരുണ്ട ജീവിതത്തിൽ അല്പം പ്രകാശം പരന്നു തുടങ്ങി.

പിന്നീട് അവളെ കാണുന്ന ഓരോ നേരങ്ങളിലും കൊച്ചു വായനയുടെ വലിയ വാതായങ്ങളിൽ നിന്നും കിട്ടിയ വിവരങ്ങൾ ടീച്ചറോട് പങ്കിടും.മുൻപേ അവളിൽ കാണാറുള്ള ആ എരിയുന്ന കണ്ണുകളും മെലിഞ്ഞ സംസാരവും ആകെ മാറിയിരിക്കുന്നു
പ്രായത്തിൽ കവിഞ്ഞ അനുഭവങ്ങളുടെ തീക്ഷണത അവളിൽ തികഞ്ഞ പക്വതയെ ക്ഷണിച്ചുവരുത്തിയിട്ടുണ്ട്. പറയുന്ന ഓരോ വാക്കുകളിലും തിരി അടങ്ങാത്ത സാഹസത്തിന്റെയും അതിജീവനത്തിന്റെയും അക്ഷരങ്ങൾ നിഴലിച്ചിരുന്നു.

പ്രതീക്ഷിച്ചവയെല്ലാം കൈവിടുകയും സ്വന്തക്കാരെല്ലാം നമ്മെ അന്യനായി കാണുകയും ചെയ്യുന്ന നിമിഷത്തെ അറിഞ്ഞൊന്നു അവസരമായിക്കണ്ടാൽ പിന്നെ അനുഭവ സമ്പത്തിന്റെ ഒരു ഉൾകരുത്ത് വരാനുണ്ട് ദൈവത്തിന്റെ ഒരു ചേർത്തു പിടിക്കൽ. പറഞ്ഞു കേട്ടതല്ല അനുഭവം സാക്ഷി.



## കുട്ടിക്കവിതകൾ









### അക്ഷരങ്ങൾ

എന്റെ ഏകാന്തമാം വീഥിയിൽ
എനിക്ക് കൂട്ടായിരുന്നത് പുസ്തകങ്ങൾ.
അവിടെ കൂട്ടുകാരായും പ്രണയിനിയേയും
ബന്ധുക്കളെ എല്ലാം അക്ഷരങ്ങളുടെ
രൂപത്തിൽ കാണാം

### ചിറകുകൾ

എന്റെ സ്വപ്നങ്ങൾക്കെല്ലാം
ചിറകുകൾ ഉണ്ടായിരുന്നു.
എന്നാൽ ഞാൻ പറക്കാൻ ശ്രമിച്ചില്ല
പക്ഷേ ഇനിമുതൽ ഞാൻ
മെല്ലെ മെല്ലെ പറക്കാൻ തുടങ്ങുകയാണ്.

### തലയിണ

എന്റെ ദുഃഖങ്ങളിൽ ഏറെയും
എനിക്ക് കൂട്ടായിരുന്നത്  എന്റെ തലയിണ.
എപ്പോഴും അതിൽ കാണാം
ജീവിതത്തിന്റെ കണ്ണുനീർ ഉപ്പ് രസം

### സ്നേഹസ്പർശം

രാത്രിയുടെ ഏകാന്തതയിൽ
ഞാൻ അറിയുന്നു
ഒരു മഞ്ഞുതുള്ളിയായി
നിന്റെ സ്നേഹ സ്പർശം

**തീർത്ഥ**

കഥ

ഇ.എൻ. ഷീജ

# പട്ടം പറത്തുന്നവർ

മേഘങ്ങളുടെ പതുപതുപ്പിലേക്ക് ഒരു ഒഴുക്കിലെന്നോണം കുട്ടികൾ വന്നുകൊണ്ടേയിരുന്നു.
പല പ്രായക്കാരായ കുട്ടികൾ.. ആദ്യമാദ്യമെത്തിയവർ പിന്നാലെ വരുന്നവരെ മേഘങ്ങളിലേക്ക് കൈ പിടിച്ചുകയറ്റി.



തമ്മിൽ തമ്മിൽ പേരു ചോദിക്കുന്നതിനു പകരം ഓരോരുത്തരും സ്വന്തം കാലുകൾ നീട്ടിക്കാണിച്ചു. ഓമനത്തമാർന്ന ആ കാലുകളിൽ പലനിറപ്പേനകളാൽ പേരുകളെഴുതിയിരുന്നു.വലിയ അക്ഷരങ്ങളിലെഴുതിയ മനോഹരമായ പേരുകൾ വായിച്ച് അവർ പരസ്പരം പുഞ്ചിരിതൂകി.അപരിചിതത്വമേതുമില്ലാതെ കൂട്ടുകൂടി..കളി പറഞ്ഞു.

സംസാരിക്കാൻ തുടങ്ങിയിട്ടില്ലാത്ത ചിലർ മുട്ടിലിഴഞ്ഞ് മേഘവക്കിലെത്തി. പിന്നെ താഴേക്കുറ്റു നോക്കിക്കൊണ്ട് അവ്യക്തമായ ശബ്ദങ്ങൾ പുറപ്പെടുവിച്ചു.
മലർന്നു കിടന്നു കളിക്കുന്നവരുടെ നോട്ടം കുഞ്ഞുമേഘങ്ങളിലേക്കാണ്.പഞ്ഞിത്തുണ്ടങ്ങൾ പോലെ പറന്നുകളിക്കുന്ന കുഞ്ഞുമേഘങ്ങളെ എത്തിപ്പിടിക്കാൻ കൈ കാലുകൾ നീട്ടിയും കുലുക്കിയും ശ്രമിച്ചു കൊണ്ടേയിരിക്കുന്നുണ്ട് അവർ.
ആകാശത്തിന്റെ ഉയരങ്ങളിലെവിടെ നിന്നോ കടന്നുവന്ന അപൂർവ്വവെളിച്ചം അവരുടെ ചുണ്ടുകളിലെ പാൽപ്പതയിൽ തെന്നിക്കളിച്ചു.

"ആ കുഞ്ഞുമേഘങ്ങളെ കണ്ടാൽ ശരിക്കും പട്ടങ്ങൾ പോലെ അല്ലേ?" ഒരു ആൺകുട്ടി തൊട്ടടുത്തുള്ള പെൺകുട്ടിയോട് ചോദിച്ചു.
"അതെ. വെളുവെളുത്ത പട്ടങ്ങൾ."
പെൺകുട്ടി തലയിളക്കി.
"എന്റെ പുസ്തകപ്പെട്ടിയിലുണ്ട് ഒരു പട്ടം. ഒരു ചുവന്ന പട്ടം.ഞാനതിന് രണ്ടു കണ്ണുകൾ വരച്ചിട്ടുണ്ട്. മൂക്കും ചുണ്ടും വരച്ചിട്ടുണ്ട്. ചിരിക്കുന്ന ചുണ്ടുകൾ. എന്തു ചന്തമായിരിക്കും അതങ്ങനെ മാനത്ത് പറന്നു കളിക്കുന്നതു കാണാൻ.."
ആൺകുട്ടി നെടുവീർപ്പിട്ടു.
" എന്റെ കയ്യിലുമുണ്ട് പട്ടം . പൂക്കളുടെ ചിത്രമുള്ള പട്ടം."
ചെറിയൊരു പെൺകുട്ടി വിളിച്ചു പറഞ്ഞു.
"എന്റെ കയ്യിലുമുണ്ട്.."
"എന്റെ കയ്യിലും.. "



"എന്റെ കയ്യിലും.."
കുട്ടികൾ കൂട്ടത്തോടെ വിളിച്ചു പറഞ്ഞു.

"എന്റെ പട്ടത്തിന്റെ നിറം വെളുപ്പാണ്. വെളുപ്പിൽ നിറയെ ചുവന്ന പുള്ളികളുള്ള പട്ടം. "
മുതിർന്ന ഒരു പെൺകുട്ടി പിറുപിറുത്തു.

കുഞ്ഞുകുട്ടികൾ ഉറങ്ങിയപ്പോൾ മറ്റുള്ളവർ കളിക്കാൻ തുടങ്ങി. മേഘങ്ങളുടെ വിശാലതയിൽ അവർ ഓടിക്കളിച്ചു. തൊട്ടുകളിച്ചു.. ഇഷ്ടമുള്ള കളികളൊക്കെയും കളിച്ചു. കാത്തുവെച്ച കളികളൊക്കെയും കളിച്ചു. കളിച്ചുതിമർത്തു.

അങ്ങനെ കളിക്കുമ്പോൾ , താഴെ,അങ്ങു താഴെ നിന്ന് ചില ഓർമ്മകൾ അവരെ വന്നു തൊട്ടു. അവർ കളി നിർത്തി വട്ടംകൂടിയിരുന്നു.
നിശബ്ദതയ്ക്കൊടുവിൽ,
കൂട്ടത്തിലെ ഒരു പെൺകുട്ടി പറയാൻ തുടങ്ങി.
"നമുക്കിപ്പോൾ ഇഷ്ടം പോലെ കളിക്കാനാവുന്നുണ്ട്.
പേടികൂടാതെ, തടസ്സങ്ങളില്ലാതെ കളിക്കാനാവുന്നുണ്ട്. പക്ഷേ, അങ്ങു താഴെ, നമ്മുടെയൊക്കെ നാട്ടിൽ ഇനിയും ബാക്കിയുള്ള കുട്ടികൾ..അവർക്ക് കളിക്കണ്ടേ.. വീട്ടുമുറ്റത്ത്, മൈതാനത്ത് , തെരുവിൽ ഒക്കെ അവർക്ക് പേടി കൂടാതെ കളിക്കണ്ടേ.. "
"വേണം.. വേണം.. "മറ്റുള്ളവർ ഒറ്റ സ്വരത്തിൽ പറഞ്ഞു.
"പക്ഷേ, എങ്ങനെ ? ആഗ്രഹിക്കാനല്ലാതെ .എന്തു ചെയ്യാനാവും നമുക്ക്?"
ഒരു കുഞ്ഞു മുഖം ആശങ്കയോടെ ഉയർന്നു താണു.

"നമുക്ക് ഒരു കത്തെഴുതാം. എന്നിട്ട് മേഘങ്ങളുടെ കയ്യിൽ കൊടുത്തയക്കാം.. കുഞ്ഞുങ്ങളെ കളിക്കാൻ അനുവദിക്കാത്ത വരുടെ കയ്യിൽ മേഘങ്ങൾ അതെത്തിച്ചോളും. നമ്മുടെ കത്തു വായിക്കുമ്പോൾ അവരുടെ മനസ്സ് മാറിയാലോ. " പെൺകുട്ടി പ്രതീക്ഷയോടെ ചിരിച്ചു.
"അതെ,കത്തെഴുതാം. "
കുട്ടികൾ കത്തെഴുതാനുള്ള ഒരുക്കങ്ങൾ തുടങ്ങി.
പെൺകുട്ടി നീലമേഘത്തിന് നോവാതെ മിനുമിനുത്ത ഒരു മേഘപ്പാളി പറിച്ചെടുത്തു.

ഉടുപ്പിലെ ചുവന്ന തുള്ളികളിൽ
വിരൽ തൊട്ട് എഴുതാൻ തുടങ്ങി.



നോക്കൂ...

തീതുപ്പിക്കൊണ്ട് ചീറിപ്പായുന്ന
ആ വിമാനങ്ങളെ ഒന്നു
തിരിച്ചുവിളിക്കാമോ...?
ഒരിത്തിരി
ആകാശം
ഞങ്ങൾക്കു സ്വന്തമായി
തരാമോ?

നിറയെ നിറയെ പട്ടങ്ങളുണ്ട്
ഞങ്ങളുടെ
കയ്യിൽ ...

കുഞ്ഞിക്കിനാവുകൾ കൊണ്ടാണ്
അവയുടെ തൊങ്ങലുകൾ
തീർത്തിരിക്കുന്നത്....
ഉണ്ണിമോഹങ്ങൾ ചാലിച്ചാണ് അവയ്ക്ക് നിറം പകർന്നിരിക്കുന്നത് ..
കുസൃതിക്കൂട്ടുകളാണ് ആ വാലുകളെയിങ്ങനെ തുള്ളിക്കളിപ്പിക്കുന്നത്..
കുഞ്ഞു ചിന്തകൾ നൂറ്റെടുത്തഇഴകളിലാണ് അവയെ കോർത്തു
കെട്ടിയിരിക്കുന്നത് ...
ചിറകേഴും വിടർത്തി
ചിരിയലകൾ പടർത്തി
അവരങ്ങനെ ആകാശത്ത്
മേഞ്ഞു നടക്കട്ടെ ...
നോക്കൂ...
അവരൊന്നു തൊട്ടാൽ
ബോംബുകൾ
പൂക്കളായി ഉതിർന്നു വീണേക്കും...
വെടിയുണ്ടകൾ
കുന്നിമണികളായി
ചിരിതൂകി വന്നേക്കും ...
പല നിറങ്ങൾ ചൂടിയ

ഒരു കിളി അപ്പോൾ
ഉറക്കെയുറക്കെ പാടുന്നുണ്ടാവും
മാനത്തും മണ്ണിലും
നിറങ്ങളുടെ ഉത്സവമായിയെന്ന്.."

കുട്ടികൾ കത്തിലെ ഓരോ വാക്കും വീണ്ടും വീണ്ടും വായിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞു നിറഞ്ഞുവന്നു. അതിനിടയിലും അവർ പുഞ്ചിരിച്ചു. പിന്നെ,തൊട്ടടുത്തു കണ്ട ഒരു വെളുത്ത മേഘത്തിനു നേരെ കത്തു നീട്ടി. വെണ്മേഘം നേരമൊട്ടും കളയാതെ  കത്തുമായി പുറപ്പെട്ടു. രണ്ടു മൂന്നു കുഞ്ഞുമേഘങ്ങളും മേഘത്തെ പിന്തുടർന്നു.



" നമുക്കിനി എപ്പോഴെങ്കിലും താഴേക്കു പോയി പട്ടം പറത്തി കളിക്കാനാവുമോ?"
ഒരു ചെറിയ ആൺകുട്ടി ആരോടെന്നില്ലാതെ ചോദിച്ചു.അമ്മമേഘത്തിനു പിന്നാലെ പായുന്ന കുഞ്ഞുമേഘങ്ങളെത്തന്നെ നോക്കി നിൽക്കുകയായിരുന്നു അവൻ.

"അറിഞ്ഞുകൂടാ..മരിച്ച കുട്ടികൾക്ക് പട്ടം പറത്തി കളിക്കാൻ കഴിയുമോ..
അറിഞ്ഞുകൂടാ.."
കത്തെഴുതിയ പെൺകുട്ടി മന്ത്രിച്ചു. അവൾ മേഘത്തിന്റെ വക്കിൽ പിടിച്ച് താഴേക്ക് നോക്കി..അവളുടെ നോട്ടം അങ്ങുതാഴെയുള്ള മലഞ്ചെരിവിലേക്ക് നീണ്ടു.

നാലഞ്ചു കുട്ടികൾ ആ മലഞ്ചെരുവിലേക്ക് നടക്കുന്നുണ്ട്.. അവരുടെ ഓരോ ചുവടിലും ഭയം തുടിച്ചു നിന്നിരുന്നു. അവർക്കു പിന്നാലെ പലയിടത്തു നിന്നും കുട്ടികൾ അങ്ങോട്ടേക്ക് എത്തിക്കൊണ്ടിരുന്നു. അവരുടെ കാലുകളിലും പലനിറപ്പേനകളാൽ പേരുകൾ എഴുതിയിരുന്നു.വലിയ വലിയ അക്ഷരങ്ങളിൽ എഴുതിയിട്ടുള്ള മനോഹരമായ പേരുകൾ..പുകപടർന്ന കണ്ണുകൾ കൊണ്ട് അവർ ആകാശത്തേക്ക് ഇടയ്ക്കിടെ നോക്കിക്കൊണ്ടിരുന്നു.

POEM

# LIFE STYLE AT YOUR FINGERTIP



*Do you know what is happening in this world?*
*New style of new generation*
*The age of AI*

*Do you know what is happening in this world?*
*Yes, We conquered the moon to*
*That too with the AI and electronics*

*Do you know what is happening in this world?*
*Although APJ Abdul Kalam Sir disappeared*
*But this time a new Kalam is born*

*Do you know what is happening in this world?*
*The life style at your fingertip has begun*
*You are also one of them*

*This is what is happening in the world today!*

Riya P

# പിഴച്ചെതെന്ത്?

കവിത

ഏകയായി നിൽക്കുന്ന നേരത്തു വന്നെൻ
കാവലായി തെളിഞ്ഞൊരാ പുതുമുഖം
സൗഹൃദം ആണേലും കൂടെപ്പിറപ്പെന്ന
അവകാശം ഉരവിടും കൂട്ടുകാരൻ.

മാഞ്ഞകന്നു പോയോരാചിരി, ഞാനിനി
യെങ്ങനെ, തിരിച്ചെടുക്കും?
വീശിതണുപ്പിച്ച പച്ചിലകളെന്നോടു
ചൊന്നു: തനിച്ചാണിനിനീ യാത്രയിൽ.

ധരണിയാകെ നിലാവിൽ തെളിഞ്ഞപ്പോൾ
ഞാൻ മാത്രം ഇരുട്ടിലായോ?
സമ്മതമില്ലാതെൻ കവിൾതടം ചുംബിച്ച
കണ്ണുനീർ പിഴച്ചതെന്ത്?

ശോകമൂകമായ് ഭാവത്രീയമായി
ഉലയും മനസ്സിൽ ഗദ്ഗദത്തെ
ഉണർത്തെഴുന്നേൽപ്പിച്ചു
ചിന്തിച്ചു പോയി ഞാൻ

മിഴിയിണ തഴുകിയെത്തും
ഉപ്പു രസത്തിനുപിന്നിൽ
ദുഃഖമോ സന്തോഷമോ
അതോ പശ്ചാതാപമോ?

ദിൽഷ (9 ബി)

## കലാലയ അനുഭവം

വൈഗ കെ (9 ബി)

എല്ലാവരുടെ ജീവിതം ഒരുപാട് ഓർമ്മകൾ കൊണ്ട് സമ്പന്നമായിരിക്കും. അതിൽ നമ്മൾ പലപ്പോഴും ഓർക്കാൻ ആഗ്രഹിക്കുന്നതും ഒരിക്കലും ഓർക്കാൻ ആഗ്രഹിക്കാത്തതുമായ അനുഭവങ്ങൾ ഉണ്ടായിരിക്കും എല്ലാവരുടെയും ഓർമ്മകളിൽ ഏറ്റവും നല്ല ഒരു അനുഭവം അത് സ്കൂൾ കാലഘട്ടമായിരിക്കും. ശരിക്കും പലരും അവരുടെ ജീവിതത്തിലെ ഏറ്റവും മികച്ച കാലഘട്ടമായി കണക്കാക്കുന്നു.

എന്റെ സ്കൂൾ ജീവിതം തീർച്ചയായും ഒരു പാഠനുഭവം മാത്രമായിരുന്നില്ല. ഏറ്റവും പ്രധാനമായി എന്റെ പ്രത്യേകതയും വ്യക്തിത്വവും ഞാൻ തിരിച്ചറിഞ്ഞതും അവിടെനിന്നാണ്. അത് എനിക്ക് നൽകിയ ആത്മവിശ്വാസവും പ്രചോദനവും ഏറെയായിരുന്നു. ജീവിതത്തിൽ വിലമതിക്കാനാവാത്ത സമ്മാനമായിരുന്നു ഒരുപാട് നല്ല ഓർമ്മകൾ.


എന്റെ സ്കൂൾ ജീവിതത്തിനിടയിൽ ഞാൻ പഠിച്ച കാര്യങ്ങൾ എന്നെന്നേക്കുമായി എന്നിൽ നിലനിൽക്കും. വാസ്തവത്തിൽ എന്റെ സ്കൂൾ ജീവിതം ഇല്ലായിരുന്നുവെങ്കിൽ എനിക്കൊരുപാട് കാര്യങ്ങൾ നഷ്ടമായിരുന്നു.അറിവും അനുഭവങ്ങളും ഓർമ്മകളും എല്ലാം നൽകിയ എന്റെ സ്കൂൾ ജീവിതത്തോട് ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു.

അവിസ്മരണീയമായ ഒരു യാത്രയായിരുന്നു അത്. സ്കൂൾ ജീവിതം ഒരുപാട് ആവേശവും സ്നേഹവും നിറഞ്ഞതായിരുന്നു. ഞാനെന്താണെന്ന് അറിയുകയും എന്നെക്കുറിച്ച് മനസ്സിലാകുന്നതും അവിടെനിന്നാണ് ഏറ്റവും പ്രധാനമായും ഞാൻ ഇവിടെ സുഹൃത്തുക്കളെ സമ്പാദിച്ചു എന്റെ ജീവിതകാലം മുഴുവനും അങ്ങനെ തന്നെ തുടരുന്ന ബന്ധങ്ങൾ സ്കൂൾ ജീവിതത്തിലെ എന്റെ ഏറ്റവും വലിയ ഒരു അനുഗ്രഹം എന്നത് സുഹൃത്തുക്കൾ ആയിരുന്നു.എന്റെ ഏറ്റവും അവിസ്മരണീയമായ നിമിഷങ്ങൾ സുഹൃത്തുക്കളോടൊപ്പം ചെലവഴിച്ചത് ആയിരുന്നു.

നമ്മുടെ സ്കൂൾ ജീവിതത്തിലെ ആദ്യത്തെയും അവസാനത്തെയും ദിവസങ്ങൾ ഒരിക്കലും മറക്കാനാവാത്തതായിരുന്നു.കരഞ്ഞുകൊണ്ട് ആദ്യമായി സ്കൂളിൽ പ്രവേശിക്കുന്നു. എന്റെ ജീവിതത്തിലെ സ്കൂൾ കാലഘട്ടം ഒരിക്കലും മറക്കാനാവാത്ത നിമിഷങ്ങളാണ്.


## ഹൈക്കു കവിതകൾ

### വഴിയാണ്



ഒറ്റയ്ക്ക് നടക്കാം,
ഒപ്പം നടക്കാം,
കൂട്ടം ചേരാം..
ഒന്നും പൊളിച്ച്
കളയാത്ത
പ്രാർത്ഥനയിലേക്കുള്ള
വഴി..

### സ്റ്റാറ്റസ്



ഇവിടെയുണ്ട്..
ഒട്ടൊന്നു വിടർന്ന് ,
നിറങ്ങളെ
കൂട്ടിപ്പിടിച്ച് ,
വിട്ടുപോവാനാവാത്ത
കിനാവള്ളികളിൽ..
കൊഴിഞ്ഞ് പോകിലും
ഇവിടെയുണ്ട്..



നിന്റെ വാക്കിന്റെ
കുത്തുകൊണ്ടെന്റെ
നെഞ്ചുനീറി -
പ്പടരുന്ന പുഞ്ചിരി

### ദൈവം



ഇരുളിലും
പൂക്കുന്ന
ഒന്ന്.

### ആഴങ്ങൾ



ഉരുവപ്പെടുത്തിയ
സാമ്രാജ്യങ്ങൾ
കൊത്തിവെച്ച
ജലഭൂപടം..
നീയും ഞാനുമെന്ന
അധികാരികൾ
മാത്രം.

മധുസൂധനൻ കെ

## സ്വപ്നം തന്നെ നേട്ടം

അച്ചുവിന് ശാസ്ത്രജ്ഞനാകണമെന്നത് വലിയ ഒരാഗ്രഹമായിരുന്നു.പക്ഷെ അതു പറയുമ്പോഴെല്ലാം അവന്റെ കൂട്ടുകാർ അവനെ കളിയാക്കും അതവന് വലിയ സങ്കടം ജനിപ്പിക്കാൻ ഇടയാക്കി. അത് അവന്റെ ആഗ്രഹത്തെ തെല്ലുപോലും കുറച്ചില്ല അത് ഇരട്ടിയായി വർധിക്കുകയും ചെയ്തു.

എ.പി.ജെ. അബ്ദുൽ കലാമിന്റെയും ഇലോൺ മസ്കിന്റെയും കഥകളുടെ നടുവിൽ അവൻ ഉയർന്നുവന്നു. ജീവിതത്തിലെ കഷ്ടപ്പാടുകൾ അവൻ മാറ്റിനിർത്തി. അച്ഛനില്ലാത്ത വിഷമവും അമ്മ വീട്ടിൽ ജോലിചെയ്ത് ജീവിതചിലവ് നോക്കുന്നതും എല്ലാം. നാട്ടുകാർ സഹായിച്ചാണ് അവൻ പഠിച്ചത്. ആദ്യ പരീക്ഷയിൽ അവന് കിട്ടിയില്ല. പക്ഷേ ആരും അവന്റെ കഷ്ടപ്പാടിനെ കുറ്റപ്പെടുത്തിയില്ല. അടുത്ത പ്രാവശ്യം അവന് ഉയർന്ന റാങ്ക് കിട്ടി വിജയിച്ചു. പക്ഷെ അവൻ നാടിനെയോ വീടിനെയോ മറന്നില്ല. അവന്റെ പേര് റാം എന്നായിരുന്നു. പക്ഷേ ഇപ്പോൾ അവൻ പ്രഫ. റാം ആയി മാറി.

**ദനഷ്യ - 9 ബി**



കവിത

## വായന

അറിവിന്റെ ദീപങ്ങൾ അണയാതെ കത്തുവാൻ
മതിയായ വായനദ്രവ്യ മതി
ഒരു തിരി ഇരു തിരി നറുതിരി ഇങ്ങനെ അറിവിന്റെ
സാഗരം നിറദീപമായ്
പുസ്തക കെട്ടുകൾ പുത്തൻവിളക്കുകൾ
പുതു ലോകസൃഷ്ടിക്ക് താലമേകി
വായന ആത്മാവിൽ ആഴത്തിൽ എത്തുമ്പോൾ
വാനോളം ചിന്തകൾ പാറി എത്തി
മൂല്യങ്ങൾ ഒരു പാട് മൊട്ടിട്ട് പൂക്കുമ്പൊൾ
മൂല്യച്യുതി എങ്ങോ പോയ് മറഞ്ഞു
വായനലോകത്ത് പാറി പറന്ന് എത്താൻ
അക്ഷരം തൻ തേരിൽ ഏറിടു നാം (2)

## അമ്മ

അളവറ്റ സ്നേഹത്തിൻ പര്യായമാണമ്മ
അലതല്ലും വാൽസല്യ തിരിനാളമാണമ്മ
ആദ്യക്ഷരത്തിന്റെ അറിവുപകർന്നത്
അമ്മയെന്നുള്ള രണ്ടക്ഷരപൂവുകൾ
അമൃതാകും അമ്മിഞ്ഞപാലിന്റെ മാധുര്യം
മനതാരിൽ മധുരമായ് മായാതെ നിൽക്കുന്നു
പേറ്റുനോവേറ്റു പ്രസവിച്ചൊരമ്മയ്ക്ക്
മാറ്റുവാൻ പറ്റുമോ രക്തബന്ധങ്ങളെ
നിർമ്മല സ്നേഹത്തിൻ ഈറ്റില്ലമായമ്മ
നിത്യവും മക്കൾക്കായ് പ്രാർത്ഥന ചെയ്യുന്നു.
കാലമിതെത്ര കടന്ന് കഴിഞ്ഞാലും
മാറില്ലൊരിക്കലും അമ്മതൻ സേനഹവും
അറിവാണ് നിറവാണ് അമ്മയെന്നുള്ളത്
അറിയാതെ പോകരുതാരുമൊരിക്കലും
അമ്മയെന്നു ള്ളൊരാ നിത്യ സത്യം എന്നും
അന്തരംഗത്തിൽ നിറഞ്ഞിടേണം സദാ
അന്തിമ കാലം അടുക്കുവരെ വരെയും നാം
അമ്മയെ പൊന്നുപോൽ കാത്തിടെണം.

സ്നേഹജ

# ഉപസംഹാരം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിദ്യാർഥികളിൽ നിന്നും അധ്യാപകരിൽ നിന്നും സമാഹരിച്ച ഏതാനും സർഗ്ഗസൃഷ്ടികൾ മാത്രം ഉൾക്കൊള്ളിച്ചാണ് ഈ ഡിജിറ്റൽ മാഗസിൽ തയ്യാറാക്കിയിട്ടുള്ളത്. സ്കൂളിനെ സംബന്ധിച്ചോ അതിന്റെ മറ്റു മികവുകളോ ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അത്തരം കാര്യങ്ങൾ വളരെ വിശദമായി സ്കൂൾ വിക്കിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് താഴെ ലിങ്കിൽ നിന്ന് വായിക്കാവുന്നതാണ്.

**സ്കൂൾ വിക്കി**